# ബാങ്ക് ദേശസാല്ക്കരണം

എം. എൻ. കാരശ്ശേരി



ബാങ്ക് ദേശസാല്ക്കരണം

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Jama Masjid, Delhi, a painting by William Carpenter (1818–1899). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ബാങ്ക് ദേശസാല്ക്കരണം

നിങ്ങൾ ഈ തലക്കെട്ട് എങ്ങനെയാണ് വായിച്ചത്—ബാങ്ക് എന്നോ? ബേങ്ക് എന്നോ? എന്താ വ്യത്യാസം? മലയാളത്തിൽ വളരെ കൃത്യമായി എഴുതിക്കാണിക്കാൻ വയ്യാത്ത ഒരു ഉച്ചാരണമാണ് ഇംഗ്ലീഷിൽ Bank-നുള്ളത്.

ഉച്ചാരണം എങ്ങനെയാണെങ്കിലും താല്പര്യം ഒന്നു തന്നെയല്ലേ?

അല്ല, ഇംഗ്ലീഷിലെ ബാങ്ക് കൂടാതെ, നമ്മുടെ നാട്ടിൽ മറ്റൊരു ബാങ്ക് കൂടിയുണ്ട്. ഇവിടത്തെ മുസ്ലീം പള്ളികളിലെ പ്രാർത്ഥനയ്ക്കുള്ള വിളി. അതിനും പറയുന്നത് ബാങ്ക് എന്നാണ്.

ഓ, ഇതെങ്ങനെയാണ് മനസ്സിലാക്കുക?

പണമിടപാടുസ്ഥാപനത്തെ കുറിക്കുന്ന ബാങ്കിലെ ഉച്ചാരണത്തിൽ ആദ്യഭാഗത്ത് ഇംഗ്ലീഷ് മട്ടിൽ ഒരു പരത്തലുണ്ട്. പ്രാർത്ഥനയ്ക്കുള്ള വിളിയെ കുറിക്കുമ്പോൾ അതു സാധാരണമട്ടിൽ ഒരു ദീർഘമായ 'ബാ' ആണ്.

ഇങ്ങനെയൊരു കൺഫ്യൂഷൻ ഉണ്ടാവാം എന്ന് എനിക്ക് എങ്ങനെ മനസ്സിലായെന്നോ?

1969-ൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ബാങ്ക് ദേശസാല്ക്കരിച്ചുവല്ലോ. അന്ന് സകല കടലാസിലും ആ കിസ്സ ഉണ്ടായിരുന്നു. ഒരു ദിവസം മാതൃഭൂമിയിൽ വാർത്തവായിച്ച് എന്റെ ബാപ്പ (മരിച്ചുപോയി. ആൾ വലിയ രസികനായിരുന്നു എന്നാണ് നാട്ടുകാരും ഞങ്ങൾ വീട്ടുകാരും പറയുന്നത്) എന്നോടു പറഞ്ഞു:

"എടോ മുക്രിമാർക്ക് പണിയില്ലാതായല്ലോ."

മുക്രി എന്നു പറയുന്നത് മുസ്ലിംപള്ളിയിലെ പരിചാരകനാണ്. ക്രിസ്ത്യൻ പള്ളിയിലെ കപ്യാർക്ക് തുല്യൻ. സാധാരണയായി നിസ്കാരത്തിനുവേണ്ടി ബാങ്കുവിളിക്കുന്നത് മൂപ്പരുടെ വകുപ്പാണ്.

ബാപ്പയുടെ വർത്തമാനം എനിക്ക് പിടികിട്ടിയില്ല. ഞാൻ ചോദിച്ചു: "ങ് ഏ? എന്തുപറ്റി?"

"ഇതാടോ മാതൃഭൂമീല്, ബാങ്ക് ദേശസാല്ക്കരിച്ചൂന്ന്. ഇനി ബാങ്കൊക്കെ ഗേർമെണ്ട് കൊടുത്തോളും പിന്നെ മുക്രിക്ക് പണിണ്ടാവ്വോ?"

ഞാൻ ചിരിച്ചു. നേര് പറഞ്ഞാൽ ഈ രണ്ടു പദങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഞാൻ ആലോചിച്ചു തുടങ്ങിയത് അന്നുമുതല്ക്കാണ്.

മുസ്ലിം ജീവിതവുമായി ബന്ധപ്പെട്ട, 'ബാങ്ക്' എന്ന പദം അറബിയാണെന്നു തോന്നാമെങ്കിലും സംഗതി അങ്ങനെയല്ല. അറബിയിൽ ഈ വിളിക്ക് 'അദാൻ' എന്നാണ് പറയുക നമ്മുടെ നാട്ടിൽ ഉപയോഗിക്കുന്നത് പേർഷ്യൻ പദമാണ് 'വിളി' എന്നർത്ഥം.


ഒ. വി. വിജയൻ

പിന്നെയാണ് എന്റെ ശ്രദ്ധയിൽപെട്ടത്: നമ്മുടെ നാട്ടിൽ പലരും മുസ്ലീം പള്ളികളിൽനിന്നുള്ള വിളിയെ 'വാങ്ക്' എന്നാണ് പരാമർശിക്കുന്നത്. അപ്പോൾ നേരത്തെ പറഞ്ഞ സംശയത്തിന് ഇടമില്ല. ആളുകൾ വർത്തമാനം പറയുമ്പോൾ മാത്രമല്ല, എഴുത്തുകാർ എഴുതുമ്പോഴും അങ്ങനെത്തന്നെ. ഒ. വി. വിജയൻ 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ 'വാറ്റു ചാരായത്തിന്റെ തെളിമയോടെ വാങ്കുവിളി' എന്നു പ്രയോഗിച്ചിരിക്കുന്നു. പൊന്നാനിയുടെ ചിത്രമെഴുതുമ്പോൾ 'ശവവും മത്തുകാലും വാങ്കുവിളിയും പൊന്നാനിയായ്' എന്ന് എം. ഗോവിന്ദൻ ഈ വ/ബ വ്യത്യാസം സാഹചര്യവശാൽ ശ്രദ്ധിക്കാനിടയുള്ള വൈക്കം മുഹമ്മദ് ബഷീർപോലും 'സന്ധ്യാപ്രണാമ'ത്തിൽ "അകലെനിന്നെങ്ങോ കേൾക്കുകയാണ് ഒരു വാങ്കും" എന്നെഴുതിയിട്ടുണ്ട്.


എം. ഗോവിന്ദൻ

വല്ല കുഴപ്പവുമുണ്ടോ? ഇല്ല, തീർച്ചയായും ഇല്ല. ആ പാർസിപദം തത്സമമായും തത്ഭവമായും നമുക്കുപയോഗിക്കാം. മലയാളത്തിൽ ഓഫീസും ആപ്പീസും ഹോസ്പിറ്റലും ആസ്പത്രിയും ഒക്കെ ഒരേ സമയം ആകാമെങ്കിൽ ബാങ്കും വാങ്കും ആകാം മറ്റൊരു ബാങ്ക് നാട്ടിൽ കൂടുതൽ പ്രചാരത്തിലുള്ളപ്പോൾ വിശേഷിച്ചും.

മാത്രവുമല്ല ഇവിടത്തെ മുസ്ലിം വാമൊഴിയിൽ പലപ്പോഴും വ/ബ വ്യത്യാസം പാലിക്കാറില്ല. 'വല' 'ബല'യും 'ബാല്യം' 'വാല്യ'വും ആകുന്നത് ഉദാഹരണം.

പിൽക്കാലത്ത് ചില സന്ദർഭങ്ങളിൽ ബാപ്പ പറഞ്ഞു കേട്ട ആ തമാശ വീണ്ടും ഓർക്കാൻ എനിക്ക് ഇടയായി.


നരസിംഹറാവു

1992 ഡിസംബർ 6-ന് തകർക്കപ്പെട്ട ബാബരി മസ്ജിദ് സർക്കാർ ചെലവിൽ പുതുക്കിപ്പണിയും എന്ന് പ്രധാനമന്ത്രി നരസിംഹറാവു പിറ്റേദിവസം പ്രഖ്യാപിച്ചപ്പോൾ ഞാൻ ഓർത്തു. ഇനി "ഗേർമെണ്ട്" ബാങ്ക് കൊടുത്തു തുടങ്ങും. അത് മുൻപ്രധാനമന്ത്രി നേരത്തെ ദേശസാല്ക്കരിച്ചതാണാല്ലോ.

മുക്രിമാർക്ക് പെൻഷൻ കൊടുക്കുന്നു എന്ന വാർത്ത കണ്ടപ്പോൾ ഞാൻ ഉള്ളറിഞ്ഞ് ചിരിച്ചു: ഇതാ, 'ഗേർമെണ്ട് ബാങ്കു കൊടുത്തു' തുടങ്ങിയിരിക്കുന്നു!


വൈക്കം മുഹമ്മദ് ബഷീർ

ബാപ്പ പറഞ്ഞത് നിറവടിയായി. ബാപ്പയുടെ പേര് 'മുഹമ്മദ്' എന്നാണ് ഇക്കൂട്ടത്തിൽ വേറൊരു വഴിക്ക് കാര്യങ്ങൾ എതിർദിശയിലേയ്ക്കും വന്നുകൊണ്ടിരിക്കുകയാണ്—വലിയ കോലാഹലത്തോടെ ബാങ്ക് ദേശസാല്ക്കാരിച്ച സർക്കാർ ഇപ്പോൾ എല്ലാം സ്വകാര്യമേഖലയ്ക്കു കൈമാറിക്കൊണ്ടിരിക്കുകയാണ്. സർക്കാർ കുത്തകയിൽ നടന്നുവരുന്ന വിമാനസർവ്വീസ് രംഗത്തേയ്ക്ക് സ്വകാര്യക്കമ്പനികൾ പറന്നുവന്നു. റയിൽവെയും തപാലും ടെലിഫോണും ഒക്കെ സ്വകാര്യക്കാരുടേതാവാൻ പോവുകയാണത്രെ. ദേശസാല്ക്കരിച്ച ബാങ്കുകൾ ഇനി "മറ്റിച്ചാവാൻ" എത്ര നേരം വേണ്ടിവരുമോ ആവോ?

ഞാൻ ഇപ്പോൾ ഓർക്കുന്നത് എന്റെ നാട്ടിൽ പണ്ടുണ്ടായ ഒരു തമാശയാണ്. എന്റെ നാട് എന്നു പറയുന്നത് ബിർളക്കാരുടെ ഗ്വാളിയോർ റയൺസ് പ്രവർത്തിക്കുന്ന മാവൂരിനടുത്തൊരു ഗ്രാമപ്രദേശമാണ്.

മാവൂർ ബിർളാകമ്പനിക്കെതിരെ സമരം ചെയ്യുന്ന തൊഴിലാളികളും അവരുടെ അനുഭാവികളും കൂടി ജാഥ പോവുകയാണ്. അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

"ബിർളാക്കമ്പനി സർക്കാർ ഏറ്റെടുക്കണം. ബിർളാക്കമ്പനി സർക്കാർ ഏറ്റെടുക്കണം... "

ജാഥ തീർന്ന് അവരിലൊരാൾ ചായമക്കാനിയിൽ തിരിച്ചെത്തിയപ്പേൾ ഞങ്ങളുടെ നാട്ടുകാരിൽ ഒരു രസികൻ പറഞ്ഞു:

"എടോ കുട്ട്യോളെ, ജാദയൊക്കെ ഉഷാറായി. ബിളിച്ച് പറഞ്ഞത്, ഞമ്മക്ക് പറ്റീല."

"ങ്ഏ?"

"നടക്ക്ണ കാര്യം പറ്യണ്ടേ? ഞമ്മളെ ഗേർമെണ്ട് ബിജാരിച്ചാ ബിർളാക്കമ്പനി ഏറ്റെടുക്കാൻ കയ്യൂല. ങക്കത് മറിച്ച് വിളിച്ചൂടായ്യോ?"

"എങ്ങനെ വിളിക്കണം?"

"ഗേർമെണ്ടിനെ ബിർള ഏറ്റെടുക്കണംന്ന്."

ഇതാണ് അവസ്ഥ 'ഗേർമെണ്ടു'കളെപ്പറ്റി രസികനായ ആ നാടന് തന്റെ സഹജശേഷിയാൽ കൈവന്ന ഉൾക്കാഴ്ച നമ്മുടെ ധനശാസ്ത്രവിദഗ്ദ്ധന്മാർക്ക് കിട്ടാതെ പോയിരിക്കാം.

ഞാൻ ആലോചിക്കുകയാണ്—ഈ പോക്കുപോയാൽ ദേശസാല്ക്കരിച്ച ബാങ്കുകളൊക്കെ വീണ്ടും സ്വകാര്യമേഖലയിൽ വരും. "ഗേർമെണ്ടി"ന് ആകെക്കൂടി ദേശസാല്ക്കരിക്കാവുന്നത് മുസ്ലിം പള്ളികളിലെ ബാങ്ക് മാത്രമാവും.


ഇന്ദിരാഗാന്ധി

ഒരു പക്ഷേ, 1969-ൽ ഇന്ദിരാഗാന്ധി ദേശസാല്ക്കരിച്ചത് പള്ളിബാങ്ക് ആയിരുന്നു എന്നും അത് അവരുടെ മതേതരബോധത്തിന്റെ ചിഹ്നമായി കാണേണ്ടതാണ് എന്നും വല്ല ഗവേഷണവും സമീപഭാവിയിൽ നടന്നേയ്ക്കാം.

ആരറിഞ്ഞു ഏതെങ്കിലുമൊരു ഇന്ത്യൻ യൂനിവേഴ്സിറ്റിയിൽ ഇപ്പോൾതന്നെ അത്തരമൊരു ഗവേഷണപ്രബന്ധം തയ്യാറായിട്ടില്ലെന്ന്!

നവതരംഗം സുവനീർ: 1996.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‍ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014